കേരള കാർഷിക സർവ്വകലാശാല
ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ്. 75/2020 (ചൊവ്വാഴ്ച) **തീയ്യതി: 08.12.2020**

അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

കാലാവസ്ഥാ ഘടകങ്ങൾ	09.12.2020	10.12.2020	11.12.2020	12.12.2020	13.12.2020
മഴ (മില്ലി മീറ്റർ)	4	5	0.5	0	0
ഉയർന്ന താപനില (°C)	33	33	33	33	33
കുറഞ്ഞ താപനില (°C)	24	24	24	24	24
കൂടിയ അന്തരീക്ഷ ആർദ്രത (%)	88	88	88	88	88
കുറഞ്ഞ അന്തരീക്ഷ ആർദ്രത (%)	55	55	55	55	55
കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ)	14	14	14	8	8
കാറ്റിന്റെ ദിശ (ഡിഗ്രി)	70	70	70	90	90
മേഘവ്യാപ്തി (ഒക്ത)	7	5	4	2	1

ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ മഴ പ്രതീക്ഷിക്കുന്നു. കൂടിയ താപനില 33 °C വരെയും കുറഞ്ഞ താപനില 24 °C വരെയും ആകാൻ സാധ്യത.

പൊതു നിർദ്ദേശങ്ങൾ: □□□□□□□□□□□□□□□ □□□□□□□□□□□□□ □□□□□□□□ □□□□□□□□ □□□□□□□□□□□□□ □□□□□□□ □□□□□□□□.

കാർഷിക നിർദ്ദേശങ്ങൾ

വിള	രോഗ കീടങ്ങൾ	കാർഷിക നിർദ്ദേശങ്ങൾ
നെല്ല്	ഇല ചുരുട്ടിപ്പുഴു	നെൽപ്പാടങ്ങളിൽ ഇലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു മുൻകരുതലായി പറിച്ചു നട്ടു മൂന്നാമത്തെ ആഴ്ച മുതൽ ട്രൈക്കോഗ്രമ്മ കൈലോണിസ്നറെ മുട്ടക്കാർഡുകൾ 5 ആഴ്ച തുടർച്ചയായി ഏക്കറിന് 2cc എന്ന കണക്കിൽ വച്ചുകൊടുക്കുക. ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ ബാസിലസ്സ് തുറിഞ്ചിയൻസിസിൻറെ അനുയോജ്യമായ ഫോർമുലേഷൻ 1g ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ശർക്കര ചേർത്ത് തളിക്കുക. അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 18.5 SC 3ml 10 ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ തളിച്ചുകൊടുക്കുക.
	പോള രോഗം	നെൽപ്പാടങ്ങളിൽ പോളരോഗം കാണാൻ സാധ്യതയുണ്ട്. പാടങ്ങളിൽ നെൽച്ചെടിയുടെ കടഭാഗത്തു നിന്ന് തുടങ്ങുന്ന പൊള്ളിയ പോലുള്ള പാടുകളാണ് ഈ രോഗത്തിൻറെ ലക്ഷണം. ഓലയുടെ പോളയുടെ മുകളിൽ കാണുന്ന ഈ പാടുകൾ രോഗം അധികരിക്കുമ്പോൾ ഇലകളിലേക്കു വ്യാപിക്കുകയും ഇലകൾ കരിഞ്ഞു പോകുകയും ചെയ്യുന്നു. മുൻകരുതലായി ട്രൈക്കോഡെർമ ഏക്കറിന് ഒരു കിലോ എന്ന കണക്കിൽ ഞാറു പറിച്ചുനട്ടു ഒരാഴ്ചക്ക് ശേഷം ജൈവവളവുമായി കലർത്തി പാടത്തു ഇട്ടുകൊടുക്കാം. കൂടാതെ പറിച്ചു നട്ടു ഒരു മാസത്തിനു ശേഷം ഇത് 10 ഗ്രാം ഒരു ലിറ്ററിന് എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗം അധികരിക്കുന്ന സാഹചര്യത്തിൽ പ്രൊപികൊണസോൾ 1 ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചുകൊടുക്കാവുന്നതാണ്.
വാഴ	മാണ വണ്ട്	മാണവണ്ടിന്റെ ഉപദ്രവം കാണാൻ സാധ്യത ഉണ്ട്. വാഴക്കന്ന് നടുന്നതിന്റെ മുൻപ് കന്നിന്റെ അടിഭാഗം ചെത്തി വൃത്തിയാക്കി ചാണകലായനിയും ചാരവും കലർന്ന മിശ്രിതത്തിൽ മുക്കി മൂന്നു നാല് ദിവസം വെയിലത്ത് വച്ച് ഉണക്കി നടുക. വാഴക്കന്ന് ഒന്നിന് ഒരു കിലോഗ്രാം വേപ്പിൻ പിണ്ണാക്ക് എന്ന തോതിൽ നടുമ്പോൾ ഇട്ടു കൊടുക്കുക.
കമുക്	മഹാളി	കമുകിൽ മഹാളി രോഗം കാണാൻ സാധ്യതയുണ്ട്. അടയ്ക്കയുടെയും മച്ചിങ്ങയുടെയും തൊപ്പി ഭാഗത്തു നിന്ന് ചീഞ്ഞു വരുകയും അത് തൊപ്പി ഭാഗത്തു നിന്ന് വേർപെട്ടു അടർന്നു വീഴുകയും ചെയ്യുന്നു. ഇങ്ങനെ വീഴുന്ന അടക്കയുടെ അല്ലെങ്കിൽ മച്ചിങ്ങയുടെ ഉൾഭാഗം മുഴുവനായും ചീഞ്ഞിട്ടുണ്ടാകും. ഈ രോഗം തടയുന്നതിനായി കോപ്പർ ഓക്സി ക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കാവുന്നതാണ്.